LIBRARY ARCHIVES Kerala Legislative Assembly

നെയ്യാറ്റിൻകര മണ്ഡലത്തിൽ നിലവിൽ റിവർ മാനേജ്മെന്റ് പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളൊന്നും തന്നെയില്ല.

(ബി) നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാർ, മറ്റ് ചെറുതോടുകൾ എന്നിവയുടെ ഭിത്തി സംരക്ഷിക്കുന്നതിന് എത്ര കോടി രൂപയാണ് ഓരോ പ്രദേശത്തും അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ " Improving irrigation facilities at Nallorvattom Ela, Aruvalloor Ela and Nellikkonam Ela by constructing protection wall at Kulathoor Valiyathodu in Aruvalloor ward and HS ward of Kulathoor Grama Panchayath in Neyyattinkara LAC" എന്ന പ്രവൃത്തിക്ക് 40.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

നച്യാട് പുഴയിലെ മാലിന്യം നീക്കം ചെയ്യുവാൻ നടപടി

206(952) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ കോക്കോട്, നച്യാട് പാലത്തിനുസമീപം നച്യാട് പുഴയിൽ ഉരുൾപൊട്ടൽമൂലം അടിഞ്ഞുകൂടിയ ചെളി, മണ്ണ്, ഉരുളൻ കല്ലുകൾ എന്നിവ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ഇവ നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ കോക്കോട്, നച്യാട് പാലത്തിന് സമീപം നച്യാട് പുഴയിൽ ഉരുൾപൊട്ടൽമൂലം അടിഞ്ഞുകൂടിയ ചെളിമണ്ണ്, ഉരുളൻ കല്ലുകൾ എന്നിവ നീക്കം ചെയ്യുന്നതിനായി ഒമ്പത് ലക്ഷം രൂപ അടങ്കൽ വരുന്ന ഒരു പ്രവൃത്തി 2021 മേയ് മാസം 18-ന് കരാർ വച്ചിരുന്നു. കാലവർഷം തുടങ്ങി പുഴയിൽ ജലനിരപ്പ് ഉയർന്നതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. പുഴയിൽ വെള്ളം കുറഞ്ഞാൽ ഉടൻ തന്നെ പ്രവൃത്തി നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പയ്യന്നൂർ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന് കീഴിൽ വരുന്ന പുഴകൾ

207(953) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പിന് കീഴിൽ വരുന്ന പുഴകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പിന് കീഴിൽ വരുന്ന പുഴകൾ പെരുമ്പ, കാര്യങ്കോട് പുഴയുടെ കണ്ണൂർ ജില്ലയിൽ വരുന്ന ഭാഗങ്ങൾ എന്നിവയാണ്.

(ബി) വകുപ്പിന്റെ കീഴിൽ പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

മേജർ ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ പരവന്തട്ടയെയും ചെറുതാഴം പഞ്ചായത്തിലെ നട്ടിക്കടവിനെയും ബന്ധിപ്പിച്ചു കൊണ്ട് പെരുമ്പ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പര്യവേക്ഷണ പ്രവൃത്തിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുന്ദമംഗലം മണ്ഡലത്തിലെ പുഴകളുടെ സംരക്ഷണം

208(954) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിൽ പുഴകളുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിക്കും എത്ര രൂപ വീതം ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

നിയോജകമണ്ഡലത്തിൽ വരുന്ന പുഴകളുടെ പാർശ്വ സംരക്ഷണ പ്രവൃത്തികൾക്കായി 33 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) നിലവിൽ ഭരണാനുമതിയുള്ള ഏതൊക്കെ പ്രവൃത്തികളാണ് നടന്നിരുന്നതെന്ന് വിശദമാക്കാമോ?

ഭരണാനുമതി ലഭിച്ച നിലവിലെ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

നദികളിലും തോടുകളിലും അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നീക്കുന്നതിനുള്ള നടപടി

209(955) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലും തോടുകളിലും അടിഞ്ഞുകൂടുന്ന പോളയും മറ്റ് മാലിന്യങ്ങളും നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുത്തി വെള്ളപ്പൊക്കവും ജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly